പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2259 27-10-2026-ൽ മറുപടിയ്ക്ക്

ഗുരുവായൂർ ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ അപകടാവസ്ഥ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ഗുരുവായൂർ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന നിലവിലെ കെട്ടിടം അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്. മുൻപ് ടെമ്പിൾ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചിരുന്ന ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള പഴയ ക്വാർട്ടേഴ്സിലാണ് നിലവിൽ ഗുരുവായൂർ ഫയർ സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നത്. കാലപ്പഴക്കം മൂലം പ്രസ്തുത കെട്ടിടം വാസയോഗ്യമല്ലെന്ന് പൊതുമരാമത്ത് വകുപ്പ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും, കെട്ടിടം പൊളിച്ചു നീക്കുന്നതിന് ദേവസ്വം തീരുമാനമെടുത്തിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ഫയർ സ്റ്റേഷന് വേണ്ടി ഗുരുവായൂർ ദേവസ്വം നിർമ്മിച്ച കെട്ടിടത്തിലേക്ക് ഫയർ സ്റ്റേഷൻ മാറാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; പുതിയ കെട്ടിടത്തിലേയ്ക്ക് എന്നത്തേയ്ക്ക് മാറാൻ കഴിയുമെന്ന് വിശദമാക്കാമോ;

മറുപടി: ഗുരുവായൂർ ദേവസ്വം നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്ക് ഫയർ സ്റ്റേഷൻ മാറുന്നതിനായി സ്റ്റേഷന്റെ വാടക സംബന്ധിച്ച് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ വകുപ്പ് പരിശോധിച്ചു വരുന്നു.

(സി) ഗുരുവായൂർ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന നിലവിലെ കെട്ടിടത്തിന്റെ അപകടാവസ്ഥ സംബന്ധിച്ചും പണി പൂർത്തീകരിച്ച പുതിയ കെട്ടിടത്തിലേക്ക് അടിയന്തരമായി മാറുന്നതിനും ഗുരുവായൂർ എം.എൽ.എ. നല്കിയ കത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ